## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 948 | 12.12.2012-ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സേവന - വേതന വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സേവന - വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സിംഗ് ജീവനക്കാർ ഉൾപ്പെടെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 26/12/09 ലെ ജി.ഒ(എം.എസ്) നം.174/09/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കുറഞ്ഞ കൂലി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനും ഈ മേഖലയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നതിനും സ്വകാര്യ ആശുപത്രി മേഖലയിൽ സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും വേണ്ടി സർക്കാർ രൂപീകരിച്ച സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി പ്രവർത്തനം നടത്തിവരുന്നുണ്ട്. |
| (ബി) അവശ്യ വിഭാഗത്തിൽ പണിയെടുക്കുന്നവരെന്ന നിലയിൽ തൊഴിൽസ്തംഭനം ഒഴിവാക്കുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും സഹായകമായ വിധം സംസ്ഥാന തലത്തിൽ ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ആഫീസർ.